**Talented Bankers Literary Panel - പുസ്തകപരിചയം 61**

പരിചയപ്പെടുത്തുന്നത്
സുരേഷ് നാരായണൻ
ധനലക്ഷ്മി ബാങ്ക്
ആലപ്പുഴ ശാഖ.

**ഭഗവതിയുടെ ജട (കഥകൾ) - 2019**
**കെ വി മണികണ്ഠൻ.**

എഴുതാനുള്ള നിരന്തരമായ ചോദനകളെ സ്റ്ററിലൈസ് ചെയ്തു മുമ്പോട്ടു പോകുന്ന ഒരാളാണ് താൻ എന്ന് മണികണ്ഠൻ കരുതുന്നു.

അങ്ങനെയുള്ള ഒരു തൂലികയിൽ നിന്നും ഉരുവം കൊള്ളുന്ന ബീജാക്ഷരങ്ങൾക്ക് അപൂർവ്വ ചാരുത മാത്രമല്ല ചെറിയൊരു അനുസരണക്കേടും ഉണ്ടാകും! അതിൻറെ നഗ്നമായ പ്രകാശനമാകുന്നു 'ഭഗവതിയുടെ ജട' എന്ന 9 ചെറുകഥകളുടെ ഈ സമാഹാരം.

അക്ഷരക്കൂട്ടുകളാലുണ്ടാക്കിയ അപൂർവ്വ ചേരുവകളാണ് ഓരോ കഥയും. ആസ്വാദന രുചിയുടെ വ്യത്യസ്താനുഭവങ്ങൾ ഇവയോരോന്നും വായനക്കാരന് വെച്ചുനീട്ടുന്നു !

'ഭഗവതിയുടെ ജട' എന്ന ആദ്യകഥ തന്നെ എടുക്കൂ.
കഥയിൽ വൃത്തം ഉണ്ടാകുമോ, ഇല്ല ; പക്ഷേ മണിയാശാന്റെ ഈ കഥയിൽ അതുണ്ട് !
കഥയാകുന്ന നെയ്പ്പായസത്തിലെ സമൃദ്ധമായ ഉണക്കമുന്തിരികൾ പോലെ നർമ്മം! (അതോ ആക്ഷേപഹാസ്യമോ?) അതാണ് മേൽപ്പറഞ്ഞ വൃത്തത്തിന്റെ മർമ്മം!

ഇതൊക്കെയാണെങ്കിലും രാമായണത്തിനു ശേഷം വരുന്ന ഉത്തരരാമായണത്തെ പോലെയായിപ്പോയി അനുബന്ധമായി ചേർത്ത

ഭാഗം എന്ന് പറയാതെ വയ്യ. രക്തയോട്ടമില്ലാത്ത ഒരു അവയവം പോലെ നിൽക്കുന്നൂ ആ ഭാഗം .

ഭഗവതിയുടെ ജടയിൽ നിന്നും നമ്മൾ എടുത്തറിയപ്പെടുന്നത് ഹിംസയുടെ ഒരുത്സവത്തിലേക്കാണ്.. നഗരം പെറ്റിട്ട മൂന്നുപേരുടെ ജീവിതം ഇവിടെ നാടകീയതോടെ ഇടകലരുന്നു.

മൂന്നാംകഥയിലെത്തുമ്പോൾ ഹിംസയുടെ അനുജനായി കരിവേഷവും ധരിച്ച് രതി കടന്നുവരുന്നു... തുടർന്ന് പക്ഷേ നമ്മൾ കാണുന്നത് അശ്ലീലമായ ആണ്ടട്ടഹാസങ്ങളുടെ അനിവാര്യമായ പതനമാണ് . മേരിയുടെ പൊട്ടിച്ചിരിയിൽ പരശുറാമിന്റെ ഡിസ്കിനു മാത്രമല്ല, ഉദ്ധാരണങ്ങൾക്കും ചുവടു തെറ്റുന്നു.

'തത്വമസി'യിലൂടെ, ആൺകോയ്മകളുടെ സൂത്രവാക്യത്തെ രഹസ്യമായി 'ശത്രുപാളയത്തിലേക്ക്' ഒളിച്ചു കടത്തുകയാണ് കഥാകൃത്ത്. 'ഒരു കുടുംബം ഏറ്റവും ആവശ്യം പെണ്ണിനാണ്' എന്ന ആൺ തിയറിയുടെ വെളിപ്പെടുത്തലിലൂടെ എഴുത്തുകാരൻ ലോകത്തോട് ഉറക്കെ വിളിച്ചു പറയുന്നു >> പെണ്ണുങ്ങളേ, നിങ്ങൾക്കുള്ള രഹസ്യായുധം ദാ ഈ പേജിലുണ്ട് !

തീർന്നില്ല, മനസ്സുകളുടെ രതിയെപ്പറ്റി പറഞ്ഞ് വായനക്കാരന്റെ ചിന്തകളുടെ പഴകിദ്രവിച്ച ജനവാതിലുകൾ അയാൾ വലിച്ചു തുറന്നിടുന്നു !

മേഘങ്ങളുടെ ഇടയിൽനിന്നും വെട്ടിത്തിരിഞ്ഞ് പരുക്കനായ ജീവിത യാഥാർത്ഥ്യങ്ങളുടെ പാതയിലേക്ക് വണ്ടി ഇടിച്ചിറങ്ങുന്നൂ അടുത്ത രണ്ടു കഥകളിൽ.

'അഫ്രാജി'ലെ നാസിം ആകെട്ടെ , മറ്റൊരു നജീബ് (ആടുജീവിതം) ആണ് .

'ദോക്ക'യുടെ പുകയിൽ ഉള്ളാലേ എരിയുന്നവൻ. ഒരുനാൾ എലിസബത്ത് എന്നു പേരായ ഒരു കാറ്റ് അവന്റെയുള്ളിൽച്ചെന്ന് ആ പുകയെ മുഴുവൻ വലിച്ചെടുക്കുന്നതു വരെ !

ഭാഷയെ കുറുക്കി വറ്റിച്ച് പാകപ്പെടുത്തിയെടുക്കുന്ന അപ്പമാണ് മണികണ്ഠന്റെ ഓരോ കഥകളും. രുചിയേക്കാൾ ചിരിയാണ് അതിന്റെ ചേരുവ !

പ്രസാധകർ - ഡി സി ബുക്സ്
വില - Rs.120/-